റൂളിംഗ്

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, എന്നിവയുടെ റിപ്പോർട്ടുകൾ, കണക്ക്, ചട്ടങ്ങൾ, റെഗുലേഷനുകൾ എന്നിവ കൃത്യസമയത്ത് സഭയിൽ സമർപ്പിക്കുന്നില്ല എന്നും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റിൽ കഴിഞ്ഞ വർഷങ്ങളിൽ കാണിച്ച കാരണം തന്നെയാണ് അതിനുള്ള കാരണമായി കാണിക്കുന്നത് എന്നുമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. നിയമസഭയുടെ മുമ്പിൽ ചട്ടങ്ങൾ, റെഗുലേഷൻസ് എന്നിവ സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ട് 1998 സെപ്റ്റംബർ 10-ാം തീയതി 27-ാം നമ്പരായി വ്യക്തമായ ഡയറക്ഷൻ ചെയർ കൊടുത്തിട്ടുണ്ട്. അതിൽ "State Government or by the Assembly to a subordinate authority has required under rule 166 (1) shall be made available for laying before the Assembly during the session immediately succeeding the issuance of such regulations, rules, sub-rules, bye-laws etc. or within two months of the issuance of such regulations, rules, sub-rules, bye-laws which ever comes earlier." എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുമാത്രമല്ല, അതിൽ കാലാകാലമായി വരുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഒരു പുതിയ കമ്മിറ്റിക്ക് രൂപം കൊടുത്തത്. പ്രതിപക്ഷ അംഗം ചെയർമാനായിക്കൊണ്ട് Committee on Papers Laid on the Table എന്ന ഒരു പുതിയ കമ്മിറ്റി ഇടക്കാലത്തുണ്ടായി. ഭാഗ്യവശാലോ ദൗർഭാഗ്യവശാലോ എനിക്കും കുറച്ചുകാലം ചെയർമാനായി ഇരിക്കാൻ കഴിഞ്ഞു. എനിക്ക് നേരിട്ട് അനുഭവം ഉണ്ട്. അത് ഒരു futile exercise ആയി മാറിക്കൊണ്ടിരിക്കുകയാണ്. വളരെ flimsy ഗ്രൗണ്ടാണ് പലപ്പോഴും ഈ കാലതാമസത്തിന് കാരണമായി പറയുന്നത്. കക്ഷിനേതാക്കളുടെ യോഗം ചേരുന്നത് ശരിയാണ്, പക്ഷേ, അതത് വകുപ്പുകളിലെ ഉദ്യോഗസ്ഥരോട് കർശനമായി നിർദ്ദേശിക്കാനും അത് പാലിക്കാനും അതത് മന്ത്രിമാർ പ്രത്യേകം മുൻകൈയെടുക്കണമെന്നു തന്നെയാണ് ചെയറിന്റെ അഭിപ്രായം. പല കമ്മിറ്റികളും രൂപീകരിച്ച് കമ്മിറ്റികളുടെ എണ്ണം വർദ്ധിക്കുകയും കമ്മിറ്റികളുടെ കപ്പാസിറ്റി കുറയുകയും അത് ഒരു ചടങ്ങായി മാറുകയും ചെയ്യാതെ കമ്മിറ്റി എന്തിനുവേണ്ടി നിയോഗിച്ചോ അതിന്റെ പർപ്പസ് സെർവ് ചെയ്യാൻ ഉത്തരവാദപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണം എന്നതാണ് ചെയറിന്റെ റൂളിംഗ്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് ഈ സഭയിൽ പറഞ്ഞ കമ്മിറ്റിയുടെ ചെയർമാൻ ഞാൻ തന്നെയാണ്. ആ കമ്മിറ്റിയിൽ ഞാൻ ചെയർമാനായി സ്ഥാനം ഏറ്റെടുത്തിട്ട് ആറ് മാസമേ ആയിട്ടുള്ളൂ. നാല് റിപ്പോർട്ടുകൾ ഈ സഭയിൽ സമർപ്പിക്കുന്നതാണ്, നടപടികൾ നിങ്ങൾക്ക് ബോദ്ധ്യപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly